പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 6198 20/11/2019 ൽ മറുപടിക്ക്

## ഇടിമിന്നലേറ്റ് മരണം സംഭവിച്ച വളർത്തുമൃഗങ്ങളുടെ എണ്ണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ആർ. രാമചന്ദ്രൻ | അഡ്വ .കെ.രാജു (വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി). |

<table>
<tr><td>എ)</td><td>സംസ്ഥാനത്ത് ഈ വർഷം ഇടിമിന്നലേറ്റ് മരണം സംഭവിച്ച വളർത്തുമൃഗങ്ങളുടെ എണ്ണമെത്രയെന്നും അതിൽ പശു, ആട് തുടങ്ങിയ ഉപജീവനോപാധികളായവ എത്രയെന്നും വ്യക്തമാക്കുമോ;</td><td>എ)</td><td>നിലവിൽ ഈ വർഷം 38 ഉരുക്കൾ ഇടിമിന്നലേറ്റ് നഷ്ടപ്പെട്ടതിന്റെ അപേക്ഷകൾ ലഭ്യമായിട്ടുണ്ട്. അപേക്ഷകൾ തരംതിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.
<table>
<tr><th>ക്രമ നമ്പർ</th><th>ഇനം</th><th>എണ്ണം</th></tr>
<tr><td>1</td><td>പശു</td><td>28</td></tr>
<tr><td>2</td><td>ആട്</td><td>3</td></tr>
<tr><td>3</td><td>പോത്ത്</td><td>2</td></tr>
<tr><td>4</td><td>പശുക്കുട്ടി</td><td>3</td></tr>
<tr><td>5</td><td>കന്നുകുട്ടി</td><td>2</td></tr>
<tr><td></td><td>ആകെ</td><td>38</td></tr>
</table>
</td></tr>
<tr><td>ബി)</td><td>ഇടിമിന്നലേറ്റ് മരിക്കുന്ന വളർത്തുമൃഗങ്ങളുടെ ഉടമകൾക്ക് സർക്കാർ ധനസഹായമോ നഷ്ടപരിഹാരമോ നൽകുന്നുണ്ടോ;</td><td>ബി)</td><td>നൽകുന്നുണ്ട്</td></tr>
<tr><td>സി)</td><td>ഇത്തരത്തിൽ മരിക്കുന്ന ഇൻഷ്വറൻസ് പരിരക്ഷയില്ലാത്ത വളർത്തുമൃഗങ്ങളുടെ ഉടമകൾക്ക് നഷ്ടപരിഹാരമോ ധനസഹായമോ ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?</td><td>സി)</td><td>നഷ്ടപരിഹാരം നൽകുന്നുണ്ട്. മൃഗസംരക്ഷണ വകുപ്പിന്റെ ബഡ്ജറ്റ് വിഹിതത്തിൽ ദുരന്തനിവാരണത്തിനായി ഉൾപ്പെടുത്തിയിട്ടുള്ള കണ്ടിജൻസി ഫണ്ടിൽ നിന്നും വിവിധ കാരണത്താൽ മരണപ്പെടുന്ന പക്ഷിമൃഗാദികളുടെ ഉടമകൾക്ക് ധനസഹായം നൽകിവരുന്നു. ഇൻഷ്വറൻസ് നഷ്ടപരിഹാരമോ, ജില്ലാ കളക്ടർ മുഖേനയുള്ള ധനസഹായമോ ലഭിയ്ക്കാത്തവർക്ക് മാത്രമാണ് ഇപ്രകാരം ധനസഹായം നൽകിവരുന്നത് പ്രകൃതിക്ഷോഭം, ആന്ത്രാക്സ്, പന്നിപ്പനി, പേവിഷബാധ, ആട്ടവസന്ത, പക്ഷിപ്പനി എന്നീ രോഗങ്ങൾ മൂലമുണ്ടാകുന്ന നഷ്ടങ്ങൾക്കും, വന്യജീവി ആക്രമണം, ഇടിമിന്നൽ,</td></tr>
</table>

| | | | |
|---|---|---|---|
| | | | മുങ്ങിമരണം, വൈദ്യുതാഘാതം, സൂര്യാഘാതം, എന്നി അത്യാഹിതങ്ങൾക്കും തുക നൽകിവരുന്നു. തുക സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br>പശു/എരുമ -16,400/-, (കറവയില്ലാത്തത് 15,000/-), ആട് - 1,650/- (പരമാവധി 4 എണ്ണം) കാള/പോത്ത് -15,000/- ,പശുക്കുട്ടി 10,000/-,കോഴി/താറാവ് ഒരെണ്ണത്തിന് 50/- വീതം (പരമാവധി 50,000/-) എന്ന നിരക്കിൽ നഷ്ട പരിഹാരം നൽകിവരുന്നു. 2019-20 സാമ്പത്തിക വർഷത്തിൽ 1 കോടി രൂപ ഈ ഇനത്തിൽ വകയിരുത്തി ചെലവഴിച്ച് വരുന്നു. കർഷകൻ സാമ്പത്തിക സഹായത്തിനുള്ള നിശ്ചിത അപേക്ഷ അതാത് പഞ്ചായത്തുകളിലെ മൃഗാശുപത്രികളിലാണ് നൽകേണ്ടത്. ബന്ധപ്പെട്ട വെറ്ററിനറി സർജന്റെ പോസ്റ്റ്മോർട്ടം റിപ്പോർട്ട്, വില നിർണ്ണയ സാക്ഷ്യപത്രം, ജില്ല മൃഗസംരക്ഷണ ഓഫീസറുടെ ശുപാർശ എന്നിവയുടെ അടിസ്ഥാനത്തിനാലാണ് ധനസഹായം നൽകുന്നത്. |

സെക്ഷൻ ഓഫീസർ